# താഴ്‌വരകളെ വെള്ളം കൊണ്ട് നിറയ്ക്കുന്നവൻ

2 രാജാക്കന്മാർ 3:17

“നിങ്ങൾ കാറ്റു കാണുകയില്ല, മഴയും കാണുകയില്ല; എന്നാൽ നിങ്ങളും നിങ്ങളുടെ ആടുമാടുകളും നിങ്ങളുടെ മൃഗവാഹനങ്ങളും കുടിക്കത്തക്കവണ്ണം ഈ താഴ്‌വര വെള്ളംകൊണ്ടു നിറയും.”

മോവാബ്യക്കർക്കെതിരായി യുദ്ധത്തിനു പുറപ്പെടുന്ന മൂന്നു രാജാക്കന്മാരെ നമുക്ക് 2 രാജാ.3:9 ാം വാക്യത്തിൽ ദർശിക്കാം. യഹൂദരാജാവ്, യിസ്രായേൽ രാജാവ്, കൂടാതെ ഏദോമിലെ രാജാവ്. ഏഴുദിവസത്തെ വഴി ചുറ്റി നടന്നശേഷം തങ്ങൾ ക്ഷീണിതരായി, അവരുടെ മൃഗങ്ങൾക്കുപോലും കുടിപ്പാൻ വെള്ളം കിട്ടാത്ത അവസ്ഥ. ശത്രു തങ്ങളെ കീഴടക്കും എന്ന ഭയം ഉണ്ടായി. അങ്ങനെ ഏലീശ പ്രവാചകനോട് ആലോചന ചോദിച്ചു എത്തുന്ന രാജാക്കന്മാർക്ക് ലഭിക്കുന്ന ദൈവീക അരുളപ്പാടാണ് നാം ഇന്ന് വായിച്ചതായ വേദഭാഗം.

യാതൊരു സാദ്ധ്യതകളും അനുകൂലമല്ലാതിരുന്നിടത്ത് വെള്ളംകൊണ്ടു നിറച്ച് സമൃദ്ധി വരുത്തുന്ന യഹോവയുടെ വീര്യപ്രവൃത്തി നമുക്ക് അവിടെ കാണാം. മഴയ്ക്കുള്ള യാതൊരു അനുപേക്ഷണീയമായ ഘടകങ്ങളും അവിടെ ഇല്ലായിരുന്നു. കാറ്റോ, മേഘമോ ഇല്ലാതിരിക്കെ താഴ്‌വരയിൽ അനേകം കുഴികൾ വെട്ടുവാൻ കല്പന ലഭിച്ചു. അതെ, താഴ്‌വരകളെ വെള്ളം കൊണ്ടു നിറച്ചു. തങ്ങളുടെ മൃഗങ്ങൾക്കുപോലും തൃപ്തിയാകുവോളം വെള്ളം ലഭിച്ചു. ദാഹം ശമിപ്പിക്കുക മാത്രമല്ല, ആത്യന്തികമായി ഏതു ലക്ഷ്യത്തിനായി അവർ പുറപ്പെട്ടുവോ, അതും വാഗ്ദത്തം കൊടുത്തു. (2 രാജാ. 3:18). ജീവിതത്തിന്റെ വിവിധങ്ങളായ മേഖലകളിൽ കാറ്റോ, മേഘമോ കാണാൻ നോക്കിയിരിക്കുന്ന നമ്മോടുള്ള ദൈവത്തിന്റെ ആഹ്വാനം വിവിധ വിഷയങ്ങളുടെ വിടുതലനായി, മറുപടിക്കായി ചില വെളിപ്പെടുത്തലുകൾക്കായി നാം കാത്തിരിക്കുന്നവരാകണം. അനുകൂലമായ യാതൊന്നും നമ്മുടെ നഗ്ന നേത്രങ്ങൾ കൊണ്ട് കാണുന്നില്ലെങ്കിൽ ഇന്ന് അനേക താഴ്‌വരകളിൽ ആഴത്തിലുള്ള കുഴികൾ വെട്ടുവാൻ നമുക്ക് ഏല്പിച്ചു കൊടുക്കാം. അവൻ തൃപ്തി വരുവോളം നിറയ്ക്കാൻ മതിയായ ഒരു ദൈവം ആണെന്ന് വിശ്വാസത്തോടെ ഹൃദയത്തിൽ ഒന്നുകൂടി ഉറപ്പിക്കാമോ, ഇനിയും അസാദ്ധ്യമെന്ന് പറഞ്ഞ് പിൻതള്ളി ഇട്ടിരിക്കുന്ന താഴ്‌വരകളെ അവൻ നിറയ്ക്കും. നമ്മുടെ ദാഹം തീർക്കുക മാത്രമല്ല, നമ്മോടു ചേർന്നു നിൽക്കുന്നവർക്കു പോലും തൃപ്തിയുടെ പൂർണ്ണതയിലേക്ക് നടത്തുന്ന തമ്പുരാന്റെ കൃപകളെ ഓർത്ത് സ്തോത്രം ചെയ്യാം. അനുകൂല ഘടകങ്ങളോ, സാദ്ധ്യതകളോ, വഴികളോ അല്ല പ്രധാനം, എന്നാൽ കല്പിച്ചവന്റെ വാക്കിന് വില

കൊടുത്തുകൊണ്ട് കുഴികൾ വെട്ടുവാൻ ഇടയാകട്ടെ. തന്റെ ശക്തി അയച്ച് അവൻ മഴ പെയ്യിക്കും. ദൈവീക നന്മകളും, അനുഗ്രഹങ്ങളും ദൈവഹിതത്തിന്റെ പൂർണ്ണതയും കൊണ്ട് കർത്താവ് നമ്മുടെ താഴ്‌വരകളെ നിറയ്ക്കാൻ ഇടയാകട്ടെ എന്ന് പ്രർത്ഥിക്കാം. വിശ്വാസത്തോടെ കുഴികൾ വെട്ടാം.

പരാമർശം :

സങ്കീർത്തനങ്ങൾ 107:35

അവൻ മരുഭൂമിയെ ജലതടാകവും വരണ്ട നിലത്തെ നീരുറവുകളും ആക്കി.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 042**